## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1630 — 07-03-2018 ൽ മറുപടിയ്ക്ക്

### ഹോം ഗാർഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആന്റണി ജോൺ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | സംസ്ഥാന പോലീസിൽ ഹോം ഗാർഡായി വിമുക്തഭടന്മാരെ മാത്രമാണോ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | വിമുക്തഭടന്മാരെ കൂടാതെ, യൂണിഫോം സർവ്വീസിൽ നിന്നും അതായത് പോലീസ്, ഫയർഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ് തുടങ്ങിയ സേനയിൽ നിന്നും വിരമിച്ചവരെയും നിയമിക്കുന്നു. |
| ബി) | നിലവിൽ എത്ര ഹോം ഗാർഡുകൾ ഉണ്ട്; ഇവരിൽ സൈനിക സേവനത്തിൽ നിന്നും വിരമിച്ച വിമുക്ത ഭടന്മാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 2869 പേർ നിലവിൽ ജോലി നോക്കിവരുന്നു. അതിൽ 2500 പേർ സൈനിക സേവനത്തിൽ നിന്നും വിരമിച്ച ഭടന്മാരാണ്. |
| സി) | നിലവിൽ ഇവർക്ക് നല്കിവരുന്ന വേതന നിരക്കും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും വ്യക്തമാക്കാമോ; | സി) | 685/-രൂപ നിരക്കിൽ ദിവസ വേതനവും, എല്ലാവർഷവും യൂണിഫോം അലവൻസായി 1000/-രൂപയും, ഉത്സവ ബത്തയായി 1210/- രൂപയും നിലവിൽ നൽകിവരുന്നുണ്ട്. |
| ഡി) | ജോലി ഭാരം വർദ്ധിക്കുന്നതിനനുസരിച്ച് പുതിയതായി ഹോം ഗാർഡുകളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | ഇല്ല. |
| ഇ) | ഉണ്ടെങ്കിൽ യോഗ്യതയും നിയമന രീതിയും വ്യക്തമാക്കാമോ? | ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ